**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.192/16/തസ്വഭവ                    തിരുവനന്തപുരം, തീയതി, 19.12.2016

==========================================================================

പരാമർശം: - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 01-09-2016-ലെ 1489/ഇ.ജി.എസ്.എ/16/ആർ.ഇ.ജി.എസ്(2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തുടക്കത്തിൽ ജില്ലാതല ഉപദേശക സമിതികൾ സംഘടിപ്പിച്ചിരുന്നുവെങ്കിലും പ്രവർത്തനങ്ങൾ ഉദ്ദേശിച്ച നിലവാരത്തിലേയ്ക്ക് ഉയർന്നില്ലായെന്ന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ വിലയിരുത്തിയ സാഹചര്യത്തിൽ ജില്ലാതല ഉപദേശക സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് പരാമർശ കത്ത് മുഖേന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, ചുവടെ കൊടുത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാതല ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - അദ്ധ്യക്ഷൻ
2. ജില്ലാ കളക്ടർ - മെമ്പർ സെക്രട്ടറി
3. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ - കൺവീനർ
4. ജില്ലാ പഞ്ചായത്ത് സെക്രട്ടറി
5. ഗ്രാമ പഞ്ചായത്ത് അസോസിയേഷന്റെ ജില്ലാതല പ്രസിഡന്റും സെക്രട്ടറിയും
6. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
7. ലീഡ് ബാങ്ക് മാനേജർ
8. ജില്ലാ പ്ലാനിംഗ് ആഫീസർ
9. എൻ.ഐ.സി.യുടെ ജില്ലാതല ആഫീസർ
10. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ
11. പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
12. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
13. ജില്ലാ ലേബർ ഓഫീസർ
14. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

-2-

15. ജില്ലാ പട്ടികജാതി/വർഗ്ഗ വികസന ഓഫീസർ

സമിതി യഥാസമയം യോഗം ചേരേണ്ടതും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് വേണ്ടി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

1. തൊഴിലുകൾ നൽകേണ്ടതിലേക്കായി ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന ഷെൽഫ് ഓഫ് പ്രോജക്റ്റ്സ് പഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുക.
2. ഏറ്റെടുക്കുന്ന പ്രവൃത്തികൾ സാധന ഘടകത്തിന് മുൻതൂക്കം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുക.
3. ഗ്രാമസഭകൾ കൂടിയാണോ പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതെന്നും തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾ യഥാസമയങ്ങളിൽ പൂർത്തീകരിക്കുന്നുണ്ടോയെന്നും പരിശോധിക്കുക.
4. വേതന വിതരണത്തിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് പരിശോധിക്കുക.
5. പ്രവൃത്തികളുടെ ഗുണമേന്മ പരിശോധിക്കുക.
6. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ വികസന പ്രവർത്തനങ്ങൾ സമഗ്ര നീർത്തട വികസന പരിപാടിയിൽ അധിഷ്ഠിതമാണോയെന്ന് പരിശോധിക്കുക.
7. രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ നൽകുന്നതിന് ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും സുഗമമായി നടപ്പിലാക്കുന്നതിനും ഭരണ സാങ്കേതികാനുമതികൾ മുൻകൂർ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി.ആർ.ദിലീപ് കുമാർ**

**അഡീഷണൽ സെക്രട്ടറി**

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തിരുവനന്തപുരം
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് , തിരുവനന്തപുരം
6. ലേബർ കമ്മീഷണർ, തിരുവനന്തപുരം
7. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
8. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
9. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
10. കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, തിരുവനന്തപുരം
11. സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർ, NIC, തിരുവനന്തപുരം
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
14. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

16. ഡയറക്ടർ (IKM)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ